**യേ മേ തനൂർദ്വിജവരാൻ ദുഹതീർമ്മദീയാ
ഭൂതാന്യലബ്ധശരണാനി ച ഭേദബുദ്ധ്യാ
ദ്രക്ഷ്യന്ത്യഘലക്ഷദൃശോ ഹ്യഹിമന്യവസ്താൻ
ഗൃധ്രാ രുഷാ മമ കുഷന്ത്യധി ദണ്ഡനേതു: (3-16-10)
ത്വത്തസ്സനാതനോ ധർമ്മോ രക്ഷ്യതേ തനുഭിസ്തവ
ധർമ്മസ്യ പരമോ ഗുഹ്യോ നിർവികാരോ ഭവാന്മത: (3-16-18)**

ബ്രഹ്മദേവൻ തുടർന്നു:
മുനിമാരുടെ പ്രാർത്ഥന കേട്ടിട്ട് ഭഗവാൻ ഇങ്ങിനെ അരുൾ ചെയ്തു. "എൻെറയീ ദ്വാരപാലകർ -ജയവിജയന്മാർ- അത്യന്താപരാധമാണു നിങ്ങളോടു ചെയ്തത്. അത് എന്നെ നിന്ദിച്ചതിനു തുല്യമായ കൃത്യമാണ്. യജമാനൻ ഭൃത്യൻെറ കുറ്റത്തിൻെറ ഉത്തരവാദിത്വമേറ്റെടുക്കണമല്ലോ. ഞാൻ നിങ്ങളോടു മാപ്പുചോദിക്കുന്നു. നിങ്ങൾ മുനിമാർ, എൻെറ ഉപാസനാമൂർത്തികളത്രേ. ഞാനീ വിശ്വത്തിൽ അറിയപ്പെടുന്നത് മാമുനിമാർ എൻെറമഹിമകൾ വാഴ്ത്തുന്നതു കൊണ്ടാണ്. ഈ മഹിമാകഥനം ശ്രവിക്കുന്ന ഏവരും സ്വയം ശുദ്ധീകരിക്കപ്പെടുന്നു. ഞാൻ നിങ്ങളിൽ ഭക്തിയുള്ളവനായതുകൊണ്ട് എൻെറ പാദരേണുക്കൾ പാപമോചനശക്തിയുള്ളതാകുന്നു. എൻെറ പാദങ്ങൾകഴുകിയ തീർത്ഥജലം മൂന്നു ലോകങ്ങളേയും പവിത്രമാക്കുന്നു. അതുകൊണ്ടാണ് മറ്റുള്ളവർ ഈ തീർത്ഥജലത്തെ ശിരസ്സിൽ തളിക്കുന്നത്. ഞാൻ എൻെറ ശിരസ്സിൽ മാമുനിമാരുടെ പാദരേണുക്കളാണു ധരിക്കുന്നത്. ദ്വിജന്മാർ, പശുക്കൾ, അശരണർ, എല്ലാം എൻെറ സ്വന്തം ശരീരങ്ങൾ എന്നു മനസ്സിലാക്കുക. അജ്ഞാനതിമിരത്താൽ ഇവരെ എന്നിൽനിന്നു ഭിന്നമായി കാണുന്ന കൂട്ടർക്ക് വേണ്ട ശിക്ഷനൽകാൻ ഞാൻതന്നെ നിയമിച്ച ദേവന്മാർ തയ്യാറായി ഇരിക്കുന്നു. എന്നാൽ മുനിമാരെ സേവിക്കുന്നവരും അവരെ എൻെറ സ്വരൂപമെന്നുകണ്ട് സ്നേഹിച്ചാദരിക്കുന്നവരും എന്നിൽ സന്തോഷമുണ്ടാക്കുന്നു. ഈ ദ്വാരപാലകർ നിങ്ങളെ നിന്ദിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ വിധിച്ച ശിക്ഷക്കവരർഹരത്രേ. അവരെ എത്രയും വേഗത്തിൽ എൻെറ സവിധത്തിൽ തിരിച്ചെത്താൻ അനുഗ്രഹിച്ചയച്ചാലും."

മുനിമാർ പറഞ്ഞു: "മാമുനിമാരുടെ സുഹൃത്തും അഭ്യുദയകാംക്ഷിയും എന്ന നിലയിൽ ഞങ്ങളെ ദേവതുല്യരായി അങ്ങ് കണക്കാക്കുന്നതുചിതം തന്നെ. അവിടുത്തെ സനാതനധർമ്മം സ്വയം നിർമ്മിതമായ ഒന്നത്രേ. അവിടുത്തെ കൃപയാലാണല്ലോ ധർമ്മം സംരക്ഷിക്കപ്പെട്ടുവരുന്നതും. ധർമ്മത്തിൻെറ ലക്ഷ്യവും, രഹസ്യവും, മാർഗ്ഗവും അവിടുന്നുതന്നെ. ധർമ്മാവതാരങ്ങളായി കാലാകാലങ്ങളിൽ പ്രത്യക്ഷപ്പെടുന്നതും അവിടുന്നല്ലേ? ഞങ്ങളുടെ ഹൃദയകമലങ്ങളെ ശുദ്ധമാക്കാൻ അനുഗ്രഹം നൽകിയാലും. മാമുനിമാരുടെ മഹിമാകഥനങ്ങൾ ധർമ്മരക്ഷക്കായി അവിടുന്നുതന്നെ ചെയ്യുന്ന ലീലാവിലാസമത്രേ. ഞങ്ങളിൽ സംപ്രീതനായി ഞങ്ങളോടും ഈ ദ്വാരപാലകരോടും എന്തു ചെയ്യണമെന്നറിയിച്ചാലും."

അനുഗ്രഹം നൽകി ഭഗവാൻ പറഞ്ഞു: "നിങ്ങൾ ചെയ്തത് എനിക്കു ഹിതം തന്നെ. രാക്ഷസരൂപത്തിൽ ഭൂമിയിൽ പിറക്കുമെങ്കിലും ഇവർ വിദ്വേഷത്തിലൂടെ എന്നിൽ അതീവ ഭക്തിയുള്ളവരായിരിക്കും. അങ്ങിനെ ഈ സവിധത്തിലേക്കവർ തിരിച്ചുവരും. "

ബ്രഹ്മാവു തുടർന്നു: ദേവന്മാരേ, ആ മുനിമാർ വിഷ്ണുദേവനെ നമസ്കരിച്ച് വിടവാങ്ങി. ഭഗവാൻ ജയവിജയന്മാരെ സമാധാനിപ്പിച്ചു. "പേടിക്കേണ്ട. നിങ്ങൾ മനസ്സുമുഴുവൻ ഏകചിത്തരായി എന്നോടുള്ള വിദ്വേഷത്തിൽ കഴിയുകയും താമസംവിനാ തിരിച്ചുവരികയും ചെയ്യും." ഈ രണ്ടുപേരാണ് ദിതിയുടെ ഗർഭത്തിലുള്ളത്. ഇതെല്ലാം ഭഗവേച്ഛക്കൊത്തുനടന്നതത്രേ. ഭഗവദേച്ഛ മനസ്സിലാക്കാൻ യോഗിവര്യന്മാർക്കുപോലും അസാദ്ധ്യം.